(എ) മാള നിയോജക മണ്ഡലത്തിലെ പുപ്പത്തിയിൽ 1997-ൽ തറക്കല്ലിടൽ കഴിഞ്ഞ പഴസംസ്കരണ ഫാക്ടറിയുടെ നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഫാക്ടറിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ആഗ്രോ ഇൻഡസ്ട്രീസ് ഫോർ പ്ലാന്റേഷന്റെ കീഴിൽ പുനലൂരിൽ പ്രവർത്തിക്കുന്ന കേരള ആഗ്രോ ഫുഡ് പ്രോഡക്ട്സിന്റെ ഒരു യൂണിറ്റായാണ് മാളയിലെ ബോട്ട്ലിംഗ് പ്ലാന്റ് തുടങ്ങുന്നത്. ബോട്ട്ലിംഗ് പ്ലാന്റിന് വേണ്ടതായ പൾപ്പ് മുതലായ അസംസ്കൃതസാധനങ്ങൾ പുനലൂരിലെ ഫാക്ടറിയുടെ വിപുലനവും നവീകരണവും പൂർത്തിയായശേഷം മാത്രമേ തുടർച്ചയായി ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

(ബി) പുനലൂരിലെ ഫാക്ടറിയുടെ നവീകരണവിപുലീകരണ പ്രവർത്തനം ഈ വർഷം തന്നെ പൂർത്തിയാക്കാൻ വേണ്ട സാമ്പത്തിക സഹായത്തിന് ധനകാര്യ സ്ഥാപനങ്ങളെ സമീപിച്ചിട്ടുണ്ട്. പുനലൂർ ഫാക്ടറിയുടെ നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനോടൊപ്പം തന്നെ മാളയിലെ ബോട്ട്ലിംഗ് പ്ലാന്റിന്റെ പ്രവർത്തനവും തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

109 (3434) ചിറയിൻകീഴ് താലൂക്കിൽ പമ്പാങ്കോട്ടുകോണം ഗ്രൂപ്പ് ഫാമിംഗ് സമിതിയുടെ പ്രവർത്തനം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ കിഴുവിലം പഞ്ചായത്തിലെ പമ്പങ്കോട്ടുകോണം ഗ്രൂപ്പ് ഫാമിംഗ് സമിതിയുടെ പ്രവർത്തനം കൃഷിഭവന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരമാണോ നടക്കുന്നത്;

(ബി) കൃഷി വകുപ്പിൽ നിന്നും നൽകിയ ട്രില്ലർ നിയമവിരുദ്ധമായി സമിതി കൈവശം വച്ചിരിക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്ന ട്രില്ലർ പിടിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൃഷിഭവന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് ഗ്രൂപ്പ് ഫാമിംഗ് സമിതിയുടെ പ്രവർത്തനം.

(ബി) ട്രില്ലറിന്റെ കൈവശാവകാശം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(സി) നിയമവിരുദ്ധമായി ട്രില്ലർ കൈവശം വച്ചിരിക്കുന്ന ആളിൽ നിന്നും അത് വീണ്ടെടുത്ത് സമിതിയെ ഏല്പിക്കുവാൻ ശ്രമിച്ചുവെങ്കിലും ബഹു: ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുകാരണം അതിന് സാധിച്ചില്ല. ഉടൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly